## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 252

23.01.2018 ൽ മറുപടിക്ക്

### ഗെയ്‌ൽ പ്രകൃതി വാതക പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല. | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | ഗെയ്‌ൽ പ്രകൃതിവാതക പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | കെ കെ ബി എം പി എൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ സർവ്വേ നടപടികളും, 6(1) ഗസറ്റ് വിജ്ഞാപനവും പൂർത്തിയാക്കിയിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി എത്ര കിലോമീറ്റർ നീളത്തിൽ സംസ്ഥാനത്ത് വാതക കുഴൽ സ്ഥാപിക്കേണ്ടതുണ്ടെന്നും എത്ര കിലോമീറ്റർ നീളത്തിൽ ഇതിനകം പ്രകൃതി വാതകക്കുഴൽ സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | (ബി) | കൊച്ചി - മംഗലാപുരം പൈപ്പ് ലൈനിന്റെ മൊത്തം ദൈർഘ്യം 438 കിലോമീറ്റർ ആണ്. ഇതിൽ 35 കിലോ മീറ്റർ മംഗലാപുരത്തും ബാക്കിയുള്ള 403 കിലോ മീറ്റർ കേരളത്തിലുമാണ്. ഈ 403 കിലോ മീറ്ററിൽ 94.5 കിലോ മീറ്റർ പൈപ്പ് സ്ഥാപിച്ചു കഴിഞ്ഞു, |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) | കേരളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ മുഴുവൻ ഭൂമിയുടേയും ഉപയോഗാവകാശം ഏറ്റെടുത്തുകഴിഞ്ഞു, കൊച്ചി - മംഗലാപുരം പൈപ്പ് ലൈനിനുവേണ്ടി കേരളത്തിൽ നാല് IP സ്റ്റേഷനുകൾക്കും 21 SV സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടി ബഹുഭൂരിപക്ഷവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള വയുടെ നടപടികൾ അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ഡി) | സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പൊതുജന പ്രക്ഷോഭം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് മറി കടക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ ; | (ഡി) | മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ ഈ പദ്ധതിക്ക് പൂർണ്ണ പിന്തുണ നൽകി വരുന്നു. എന്നാൽ ചില തൽപരകക്ഷികളും സംഘടനകളും ചില പ്രദേശങ്ങളിൽ ഈ പദ്ധതിയെ അട്ടിമറിക്കാനുള്ള ശ്രമം നടത്തുന്നതായി തോന്നിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പൊതു സമൂഹത്തിന്റെ പിന്തുണയോടുകൂടി ഈ എതിർപ്പിനെ മറി കടന്ന് സംസ്ഥാന പുരോഗതിക്കായി ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഗെയിൽ -പ്രകൃതിവാതക പൈപ്പ് ലൈനിന്റെ സ്ഥലമെടുപ്പും സുരക്ഷയുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലങ്ങളിലെ ഭൂഉടമകളുടെ ആശങ്കയും ആവശ്യവും അവർക്ക് നൽകേണ്ടതായ നഷ്ടപരിഹാരവും സംബന്ധിച്ച് ഉദാരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ വിവിധ തലങ്ങളിൽ യോഗം വിളിച്ചിരുന്നു. പത്ത് സെന്റോ അതിനു താഴെയോ മാത്രം ഭൂമിയുള്ളവർക്ക് ആശ്വാസധനമായി 5 ലക്ഷം രൂപ നൽകണമെന്നും കണ്ണൂർ ജില്ലയിൽ നിശ്ചയിച്ച പ്രകാരം നെൽവയലുകളുടെ നഷ്ടപരിഹാരത്തിനു പുറമെ സെന്റിന് 3761/- രൂപ നിരക്കിലുള്ള പ്രത്യേക നഷ്ടപരിഹാരം നൽകണമെന്നും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. പത്ത് സെന്റോ അതിനു താഴെ മാത്രം ഭൂമിയുള്ളവരുടെ പൈപ്പ് ലൈൻ ഇടാൻ ഉപയോഗിക്കുന്ന സ്ഥലം വെറും 2 മീറ്റർ ആയി ചുരുക്കും. നിലവിലെ വീടുകൾ സംരക്ഷിക്കപ്പെടുകയും ഭാവിയിൽ വീട് വെയ്ക്കത്തക്ക രീതിയിൽ അലൈൻമെന്റ് ഒരു |

| | | | |
|---|---|---|---|
| | | | വശത്തുകൂടി 2 മീറ്റർ വീതിയിൽ മാത്രം ക്രമപ്പെടുത്തും. ബാക്കിയുള്ള സ്ഥലത്തിന് വീട് വെയ്ക്കാനുള്ള സ്ഥലം അടയാളപ്പെടുത്തി അനുമതി പത്രമായി ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ഭൂരേഖ ഉടമകൾക്ക് കൈമാറും. ജനവാസമേഖലയെ കഴിവതും ഒഴിവാക്കിയാണ് പൈപ്പ് ലൈൻ കടന്നു പോകുന്നത്. എന്നാൽ കേരളത്തിന്റെ സാഹചര്യം കണക്കിലെടുക്കുമ്പോൾ ഇത് പൂർണ്ണമായും പാലിക്കാൻ കഴിയില്ല. ജനവാസ മേഖലയിലൂടെ പൈപ്പ് ലൈൻ കടന്നുപോകുന്നതുകൊണ്ട് ജനങ്ങൾക്ക് യാതൊരു രീതിയിലുള്ള ആശങ്കയും ആവശ്യമില്ല. ജനസാന്ദ്രത കൂടിയ മേഖലയിൽ വിന്യസിക്കുന്ന പൈപ്പ് ലൈനുകൾക്ക് ക്ലാസിഫി ക്കേഷൻ അനുവദിച്ചുള്ള കനം ഉറപ്പുവരുത്തി ശാസ്ത്രീയമായി രൂപകല്പന ചെയ്തിരിക്കുന്ന പൈപ്പ് ലൈനുകളാണ് വിന്യസിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് തെറ്റിദ്ധാരണകളും, വ്യാജ പ്രചരണങ്ങളും ദൂരീകരിക്കുന്നതിനായി പഞ്ചായത്ത് തോറും ബോധവൽക്കരണം നടത്തി വരുന്നുണ്ട്. ദൃശ്യ/ പത്ര മാധ്യമ ങ്ങളിലൂടെയും ലഘുലേഖനങ്ങൾ മുഖേനയും എഫ്.എം. റേഡിയോ വഴിയും ഈ പദ്ധതിയുടെ സുരക്ഷയും മേൻമയും പ്രചരിപ്പിച്ചു വരുന്നു. ഇതിലുപരിയായി പോലീസ് കർമ്മസേന രൂപീകരിച്ച് പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണവും നടത്തികൊണ്ടി രിക്കുന്നു. |
| **(ഇ)** | പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; പദ്ധതി പൂർത്തിയാകുന്നതോടെ ജന | **(ഇ)** | 2018 ഡിസംബറോടുകൂടി പദ്ധതി പൂർത്തീകരിക്കാനാണ് നേരത്തേ നിശ്ചയിച്ചിരുന്നത്. എന്നാൽ പദ്ധതി ജൂൺ |

| | | | |
|---|---|---|---|
| | ങ്ങൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ? | | 2018 ഓട്ടുകൂടി തന്നെ കമ്മീഷൻ ചെയ്യണമെന്ന് കേന്ദ്രസർക്കാറിന്റെ നിർദ്ദേശമുള്ളതിനാൽ 2018 ജൂണോട്ടുകൂടി പദ്ധതി പൂർത്തീകരിക്കാനാണ് ഗെയിൽ ഇപ്പോൾ ലക്ഷ്യമിടുന്നത്.<br>കൊച്ചിയിൽ നിന്നും പ്രകൃതിവാതകം മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കും പൈപ്പ് ലൈൻ വഴി കൊണ്ടുപോകുന്നതിനുള്ള പദ്ധതിയാണ് കൊച്ചി - കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ (KKMBPL) പ്രൊജക്ട്. കേരളം, കർണ്ണാടക, തമിഴ് നാട്, എന്നീ സംസ്ഥാനങ്ങളിലെ വ്യവസായ ശാലകൾക്കും കൂടാതെ പൈപ്പ് ലൈൻ കടന്നുപോകുന്ന ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷനുമാണ് (CDG) പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്.<br>പ്രധാന പൈപ്പ് ലൈനിൽ സ്ഥാപിച്ചിരിക്കുന്ന SV സ്റ്റേഷനിൽ നിന്നും ടാപ്പ് ചെയ്ത് ചെറിയ പൈപ്പ് ലൈൻ ശൃംഖല സ്ഥാപിച്ചാണ് കടന്നുപോകുന്ന ജില്ലകളിൽ വാഹനങ്ങൾക്കു സി. എൻ. ജി. യും (Compressed Natural Gas) ഗാർഹിക ആവശ്യത്തിനുള്ള പി എൻ ജി യും (Piped Natural Gas) വിതരണം ചെയ്യുന്നത്.<br>ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ നിർമ്മാണത്തിനു സമാന്തരമായി തന്നെ പൈപ്പ് ലൈൻ കടന്നുപോകുന്ന ജില്ലകളിൽ സിറ്റി ഗ്യാസ് വിതരണത്തിനുള്ള ടെൻഡർ നടപടികൾ തുടങ്ങാമെന്ന് പി എൻ ജി ആർ ബി (പെട്രോളിയം & നാച്ചറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ്) അറിയിച്ചിട്ടുണ്ട്.<br>പാചകവാതകം (PNG) പൈപ്പുകളിലൂടെ വീട്ടുകളിൽ ലഭിക്കുമ്പോൾ ഇന്ധന ചെലവു കുറയുന്നു.<br>ഒരു ലിറ്റർ പെട്രോളിൽ നിന്നും ലഭിക്കുന്ന മൈലേജിനേക്കാൾ കൂടുതൽ മൈലേജ് ഒരു കിലോ സി.എൻ.ജി യിൽ നിന്നും ലഭിക്കുന്നതായും റിപ്പോർട്ടുചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിലവിൽ എൽ പി ജി ഉപയോഗിക്കുന്ന വ്യവസായ ശാലകൾക്ക് പ്രകൃതിവാതകം ലഭ്യമാകുന്നതോട്ടുകൂടി ഇന്ധനച്ചെലവ് വളരെ ഗണ്യമായി കുറയുന്നതിനാൽ വലിയ ഒരു വ്യവസായ കുതിപ്പ് തന്നെ സംസ്ഥാനത്ത് സംജാതമാകും. അതോടൊപ്പം തൊഴിൽ സാധ്യതയും വർദ്ധിക്കും. ഇതുമൂലം എൽ പി ജി സിലിണ്ടറുകൾ കയറ്റിവരുന്ന വലിയ വാഹനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുന്ന റോഡ് അപകടങ്ങളും ബുദ്ധിമുട്ടുകളും ഒഴിവാക്കി ഗതാഗതം സുഗമവും അപകടരഹിതമാക്കാനും കഴിയും. |

Bindu T

**സെക്ഷൻ ഓഫീസർ.**